LIBRARY ARCHIVES Kerala Legislative Assembly

ആര്യങ്കോട് പ്രദേശത്തെ മിച്ചഭൂമി കൃഷിക്കാർക്ക് പട്ടയം

33 [2922] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ ആര്യങ്കോട് പ്രദേശത്തെ മിച്ച ഭൂമിയിലെ കൈവശ കൃഷിക്കാർക്ക് പട്ടയം നൽകണമെന്ന ആവശ്യത്തിൽ എന്ത് നടപടികൾ സ്വീകരിച്ചു വെന്ന് വെളിപ്പെടുത്തുമോ;

(ബി) ഭൂപരിഷ്കരണ നിയമത്തിൽ മാറ്റം വരുത്തിയ സാഹചര്യത്തിൽ ഈ പ്രദേശത്തെ കൃഷിക്കാർക്ക് പട്ടയം നൽകാൻ നടപടി സ്വീകരിച്ചുവോ?

ഉത്തരം

(എ) ആര്യങ്കോട് പ്രദേശത്ത് ശ്രീ. ജോർജ് ഇമ്മാനുവൽ എന്നവരിൽ നിന്നും റ്റി. എൽ. ബി. 1873/73/റ്റി. ബി. എ. ഉത്തരവിലൂടെ ഏറ്റെടുക്കാൻ ഉത്തരവായ മിച്ചഭൂമിയിൽ കയ്യേറി താമസിക്കുന്നവർക്ക് അവരവരുടെ അർഹതയനുസരിച്ച് മിച്ചഭൂമി പതിച്ചുകൊടുക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) കേരള ഭൂപരിഷ്കരണ നിയമത്തിൽ ഭേദഗതികൾ വരുത്തുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു കഴിഞ്ഞശേഷം ഇക്കാര്യം പരിശോധിക്കുന്നതാണ്.

മണ്ണാർക്കാട് താലൂക്കിലെ മലയോര കർഷകർക്ക് പട്ടയം

34 [2923] ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാർക്കാട് താലൂക്കിലെ മലയോര കർഷകർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി ഏതുവരെയായി;

(ബി) ഇവർക്ക് എന്നാണ് പട്ടയം നൽകാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്;

(സി) ഇവിടുത്തെ കർഷകർക്ക് വരുന്ന ജൂൺ മാസത്തിന് മുൻപായി പട്ടയം വിതരണം നടത്താൻ നടപടി എടുക്കുമോ?

ഉത്തരം

(എ, ബി ആന്റ് സി) 1-1-1977-ന് മുമ്പ് വനഭൂമി കയ്യേറിയ മലയോര കർഷകരുടെ ഭൂമിയുടെ വനം-റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുടെ സംയുക്ത പരിശോധനാ ജോലികൾ നടന്നുവരുന്നു. സംയുക്ത പരിശോധന പൂർത്തിയാക്കി വിശദമായ പ്രൊപ്പോസൽ സംസ്ഥാന സർക്കാർ മുഖാന്തിരം കേന്ദ്ര സർക്കാരിന് സമർപ്പിച്ച് ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരം കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിച്ചാൽ മാത്രമേ പട്ടയം നൽകാൻ സാധിക്കുകയുള്ളൂ.